പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4843 — 19.05.2017 ന് മറുപടിയ്ക്ക്.

**ദേവികുളം മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ**

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേവികുളം നിയോജകമണ്ഡലത്തിൽ തമിഴ്ഭാഷാ ന്യൂനപക്ഷ മേഖലയിൽ ചിത്തിരപുരം ഹൈസ്കൂളിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) നടപടിക്രമങ്ങൾ ആയില്ലെങ്കിൽ ഐ. ടി. ഐ. ആരംഭിക്കാൻ ഉടൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ദേവികുളം നിയോജക മണ്ഡലത്തിലെ ഭാഷാ ന്യൂനപക്ഷ മേഖലയിൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി ചിത്തിരപുരം ഹൈസ്കൂളിൽ 5 ഏക്കർ സ്ഥലവും കെട്ടിടങ്ങളും ഉണ്ടെന്നുള്ള വിവരം ലഭ്യമായതിനെത്തുടർന്ന്, ടി സ്ഥലം ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വകുപ്പിന് വിട്ടു നൽകുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദം ആരാഞ്ഞിരുന്നു. എന്നാൽ ടി സ്ഥലത്ത് പോളിടെക്നിക് പണിയാൻ പട്ടികജാതി വികസന വകുപ്പ് അഭ്യർത്ഥിച്ചിരുന്നതായും, ആയതിന് വിദ്യാഭ്യാസ വകുപ്പ് അനുകൂല മറുപടി നൽകിയതായും, തൊടുപുഴ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിരുന്നു. ഐ.ടി.ഐ ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സ്ഥലത്തെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ